<u>**15 -ാം കേരള നിയമസഭ**</u>

<u>**1 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 833**</u> <u>**10-06-2021 - ൽ മറുപടിയ്ക്ക്**</u>

<u>**രാമന്തളി - രണ്ട് തെങ്ങ്- പാണ്ഡ്യാലക്കടവ്, അഴീത്തല പാലങ്ങളുടെ നിർമ്മാണം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | തൃക്കരിപ്പൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായ രാമന്തളി - രണ്ട് തെങ്ങ്- പാണ്ഡ്യാലക്കടവ്, അഴീത്തല പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം എന്ന് നടത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (എ) | തൃക്കരിപ്പൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായ രണ്ട് തെങ്ങ് - പാണ്ഡ്യാലക്കടവ്, അഴീത്തല എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനും ഡി.പി.ആറും തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി tender നടത്തുന്ന മുറക്ക് നിർമ്മാണോദ്ഘാടനം നടത്താൻ കഴിയും |
| (ബി) | പി.ഡബ്ളിയു.ഡി– നാഷണൽ ഹൈവേ വിഭാഗം നേരത്തേ തന്നെ ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെ പൂർത്തീകരിച്ചിട്ടും പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുവാൻ കാലതാമസം വരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | വലിയപറമ്പ ഇടയിലക്കാട് പാലം റോഡ് ജംഗ്ഷൻ മുതൽ അഴിത്തല വരെ 17 കി.മീ. ദൂരത്തിൽ നിലവിലുള്ള അലൈൻമെന്റിൽ നിന്നും മാറി കടലിനോട് ചേർന്ന് പുതിയ അലൈൻമെന്റ് പ്രൊപ്പോസൽ നിലവിലുണ്ട്. ആയതിന്റെ പരിശോധന പൂർത്തീകരിക്കേണ്ടതുണ്ട്. അതിനാലാണ് ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടത്. |

സെക്ഷൻ ഓഫീസർ